ഹാൻടെക്സിൽ കരാർ അടിസ്ഥാനത്തിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കേണ്ടത്. ഭരണസമിതിയുടെ തീരുമാനപ്രകാരം രജിസ്ട്രാറുടെ അംഗീകാരത്തോടെയാണ് നിയമിക്കേണ്ടത്. സാങ്കേതിക സ്വഭാവമുള്ള കൂടുതൽ പ്രവൃത്തി പരിചയമുള്ള തസ്തികകൾക്ക് വേണ്ടി കരാർ അടിസ്ഥാനത്തിൽ നടത്തുന്ന നിയമനങ്ങൾ പരമാവധി 5 വർഷത്തേയ്ക്കായിരിക്കണമെന്നും സെക്ഷൻ 60 (ബി) (4) വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) ഹാൻടെക്സ് നേരിട്ട് കരാർ അടിസ്ഥാനത്തിൽ 4 പേരെ നിയമിച്ചിട്ടുണ്ട്.

(സി) വയനാട്ടിലുള്ള ഗാർമെന്റ് യൂണിറ്റിൽ ശ്രീ. എം. മുഹമ്മദ്ബഷീർ, കട്ടിംഗ്മാസ്റ്ററായി ശ്രീ. എം. മുരളീധരൻ, തിരുവനന്തപുരത്തുള്ള വീവിംഗ് ഫാക്ടറിയിൽ വീവിംഗ് മാസ്റ്റർ തസ്തികയിൽ ശ്രീ. എൻ. കെ. രാമകൃഷ്ണൻ, ഹാൻടെക്സ് പ്രോസ്സസിംഗ് ഹൗസിൽ പ്രോസ്സസിംഗ് സൂപ്രണ്ടായി എ. വി. കോലപ്പൻ എന്നിവരെ നിയമിച്ചിട്ടുണ്ട്.

(ഡി ആന്റ് ഇ) നിയമന ഉത്തരവിൽ വ്യവസ്ഥകൾ വ്യക്തമാക്കിയിരിക്കും ഉത്തരവ് കൈപ്പറ്റി അതിലെ വ്യവസ്ഥകൾ അംഗീകരിച്ചു കൊണ്ടാണ് ഉദ്യോഗാർത്ഥി സ്ഥാപനത്തിൽ ജോലി സ്വീകരിക്കുന്നത്. ഉയർന്ന സാങ്കേതിക വൈദഗ്ദ്ധ്യവും ദീർഘകാല പ്രവർത്തി പരിചയവും അനിവാര്യമായ ഒരു തസ്തികയിൽ നിശ്ചിത കാലയളവിലേയ്ക്ക് തുടർച്ചയായി ഒരാളുടെ സേവനം ആവശ്യമായതുകൊണ്ട് ഹാൻടെക്സ് ശ്രീ. കോലപ്പന്റെ നിയമനത്തിൽ ഒരു എഗ്രിമെന്റ് കൂടി ഒപ്പു വച്ചിട്ടുണ്ടായിരുന്നു. മറ്റു തസ്തികകൾ അപ്രകാരമുള്ളവ അല്ലാത്തതിനാലും ഉത്തരവിൽ തന്നെ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുള്ളതിനാലും പ്രത്യേക എഗ്രിമെന്റ് വച്ചിട്ടില്ല.

(എഫ്) വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നിയമന ഉത്തരവ് അംഗീകരിച്ചതുമൂലമാണ് തദനുസൃതമായി ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിച്ചിട്ടുള്ളത്. ആയതിനാൽ അതിന് നിയമസാദ്ധ്യത ഇല്ലാതാകുന്നില്ല.

പ്രൈമറി സഹകരണസംഘങ്ങൾക്ക് ഹാൻടെക്സിൽ നിന്ന് നൂൽ ലഭിക്കുന്നതിന് നടപടി

35 [489] ശ്രീ. എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി സഹകരണസംഘങ്ങൾക്ക് ഹാൻടെക്സിൽ നിന്ന് നൂൽ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങൾ ഹാൻടെക്സിൽ നിന്ന് 60 ശതമാനം നൂൽ വാങ്ങണം എന്ന നിബന്ധന എടുത്തു കളയാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) എക്സൈസ് ഡ്യൂട്ടിയിനത്തിൽ 9.2 ശതമാനവും ഹാങ്ക് യാൺ സബ്സിഡിയിനത്തിൽ 1 കിലോയ്ക്ക് 15 രൂപയും ഹാൻടെക്സിൽ നിന്നും നൂൽ വാങ്ങിയാൽ സംഘങ്ങൾക്ക് ലഭിക്കും. ഗുണമേന്മയേറിയ നൂൽ സംഘം ആവശ്യപ്പെടുന്ന മില്ലിൽ നിന്നും തന്നെ കാലതാമസമില്ലാതെ ലഭ്യമാക്കി കൊടുക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. സംഘങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ കൈത്തറി ഡയറക്ടറുടെ നേതൃത്വത്തിൽ ബന്ധപ്പെട്ടവരുടെ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി മാസം തോറും കൂടുകയും പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുകയും ചെയ്യുന്നുണ്ട്.

പ്രാഥമിക കൈത്തറി സഹകരണസംഘങ്ങളുടെ റിബേറ്റ് കുടിശ്ശിക

36 [490] ശ്രീ. എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണസംഘങ്ങൾക്ക് അനുവദനീയ റിബേറ്റ് കുടിശ്ശികയായി എന്തു തുക നൽകാനുണ്ട് എന്നറിയാമോ;

(ബി) ഈ തുക നൽകാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) സർക്കാർ അംഗീകരിച്ചിട്ടില്ലാത്ത ചില നിബന്ധനകൾ ഉൾപ്പെടുത്തി കുടിശ്ശിക തടഞ്ഞുവച്ചിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു പരിശോധിച്ച് പ്രസ്തുത നിബന്ധനകൾ ഒഴിവാക്കി അർഹതപ്പെട്ട റിബേറ്റ് കുടിശ്ശിക അടിയന്തിരമായ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രാഥമിക സഹകരണ സംഘങ്ങളുടെ റിബേറ്റ് വിൽപ്പന നിർത്തലാക്കിയിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇത് പുനഃപരിശോധിച്ച് റിബേറ്റ് വിൽപ്പന വീണ്ടും ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്ക് 2001-2002-ലെ റിബേറ്റ് കുടിശ്ശികയാണ് നൽകാനുള്ളത്. അതു നൽകുമ്പോൾ പ്രസ്തുത വർഷത്തിൽ അനുവദിച്ചിട്ടുള്ള മാർക്കറ്റിംഗ് ഇൻസെന്റീവ് തുക കുറവ് ചെയ്ത ശേഷമേ നൽകുകയുള്ളൂ. അതനുസരിച്ച് 2001-2002-ലെ കുടിശ്ശികയിനത്തിൽ ഏഴുകോടി രൂപയോളം നൽകാനുണ്ടാകുമെന്ന് കരുതുന്നു.

LIBRARY ARCHIVES Kerala Legislative Assembly